# പരിപാടിയിലെ അവസാന ഇനം

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

“നന്ദി, വീണ്ടും കാണാം” എന്ന ശൈലി മലയാളത്തിന്റേതല്ല. നാം നന്ദി ഉള്ളിൽ സൂക്ഷിക്കുന്നവരാണ്. “ആരുടെയും നന്ദിവാക്കിനു വേണ്ടിയല്ല ഞാൻ ഇത് ചെയ്യുന്നത്” എന്ന പ്രയോഗംപോലും മലയാളത്തനിമയുള്ളതാണ്. പോരാഞ്ഞ്, “കർമ്മം ചെയ്യുക നമ്മുടെ ലക്ഷ്യം, കർമ്മഫലം തരുന്നത് ഈശ്വരനല്ലോ” എന്ന ഭഗവത് വാക്യത്തിൽ വിശ്വസിക്കുന്നവരുമാകുന്നു നാം. പ്രത്യുപകാരം പ്രതീക്ഷിച്ചായിരുന്നില്ല പലരും സേവനം അനുഷ്ഠിച്ചിരുന്നത്. കഴിയുമെങ്കിൽ, ചെയ്ത നല്ല കാര്യം മറ്റുള്ളവരെ അറിയിക്കാതെ രഹസ്യമാക്കി വെക്കണമെന്ന മനോഭാവം പുലർത്തുന്നതുമാണ് നമ്മുടെ ആത്മനിഷ്ഠ. കൂടാതെ, “നന്ദി വേണ്ട, ദ്രോഹിക്കാതിരുന്നാൽ മതി”യെന്ന് അടക്കം പറയുന്നവരുമാണ് അധികവും.

നന്ദിപ്രകടനം ഒരു തിരുന്നാളായി ആഘോഷിക്കുന്ന രാജ്യമാണല്ലോ, അമേരിക്ക. അമേരിക്കക്കാർ, വാക്കിലും, നോക്കിലും, എഴുത്തിലും, പ്രവൃത്തിയിലും നന്ദിപ്രകടന സൂചനകൾ ഉൾക്കൊള്ളിക്കാറുണ്ട്. വാക്കിലെങ്കിലും നന്ദി കാണിച്ചല്ലോയെന്നു നാം പലപ്പോഴും സന്തോഷിക്കാറുമുണ്ട്. നന്ദി ഒഴുകുന്ന വഴികൾ: ചെറിയ സഹായഹസ്തത്തിനു വാക്ക്; കുറച്ചുകൂടി മുന്തിയതിനു എഴുത്ത്; ഏറ്റവും പ്രധാനപ്പെട്ടതിനു പ്രവർത്തി. നന്ദിയുടെ ശക്തി അളക്കാനുള്ള ഒരു മാനദണ്ഡമായി ഈ പരമ്പരയെ കണക്കാക്കാം. രഹസ്യമായി നന്ദിപറയുന്ന നമ്മിൽ പലരും, അത് പരസ്യമാക്കാനോ, പൊതുയോഗത്തിലോ, എഴുത്തിലോ പ്രകടിപ്പിക്കാനോ വിമുഖത കാട്ടുന്നവരാണ്.

നന്ദി ഉത്ഭവിക്കുന്ന വഴി വളരെ വിചിത്രമാണ്. ചെയ്യാൻ കഴിയാത്തതോ മറന്നതോ ആയ കാര്യം ഒരാൾ ഓർമ്മപ്പെടുത്തുമ്പോഴും സാധിച്ചുതരുമ്പോഴും അറിയാതെത്തന്നെ നമ്മിൽ നന്ദീനാളം തലനീട്ടും. അതിന്റെ ബാഹ്യപ്രകടനം പല തരത്തിലും തെളിയും. എഴുതാൻ അറിയുന്നവനെ കൈപിടിച്ചെഴുതിക്കുന്ന തരം സഹായമല്ല ഉദ്ദേശ്യം.

ചെയ്ത ജോലിക്കു പ്രതിഫലം കയ്യോടെ കൊടുക്കുകയും വാങ്ങുകയുമാണല്ലോ പൊതുശീലം. നന്ദിയുടെ കാര്യത്തിലും *ഇൻസ്റ്റന്റ് ഗ്രാറ്റിഫിക്കേഷൻ* വേണോ, മറ്റൊരവസരത്തിൽ കടം തീർക്കണോ എന്നതുതന്നെ പ്രശ്നം. രണ്ടാം വകുപ്പിന്റെ അങ്ങേയറ്റമാണ് സ്വർഗ്ഗരാജ്യവാഗ്ദാനം! “നാം ഒരാൾക്കു ചെയ്ത ഉപകാരം മറ്റൊരാൾ നമുക്കു ചെയ്യും” എന്ന പ്രത്യാശാപൂർണ്ണമായ ചിന്ത, പ്രത്യുപകാരം കിട്ടാത്തതിനു ആശ്വാസദായകമായി ഭവിക്കുന്നു. ഇതിനെ നമുക്കു *ചാക്രിക നന്ദി* എന്നു വിളിക്കാം.

ജീവിതത്തിന്റെ പല ഘട്ടങ്ങളിലും പലരും നമ്മെ സഹായിക്കാറുണ്ട്. മുങ്ങുന്ന സമയത്ത് കൈപിടിച്ചുകരേറ്റുന്നവരും, നല്ലവണ്ണം നടക്കുമ്പോഴും ഓടുമ്പോഴും കയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്നവരും ആ പ്രകടനത്തിനു *ക്രെഡിറ്റ്* എടുക്കുന്നവരും അക്കൂട്ടത്തിൽ കാണും. അവരോടുള്ള നന്ദിക്ക് ഏറ്റക്കുറച്ചിലും ഉണ്ടാകും. അന്നത്തിനു വിഷമിക്കുമ്പോൾ ചോറു വിളമ്പുന്നവരും, കച്ചവടം തുടങ്ങാൻ കടം കൊടുക്കുന്നവരും സഹായ മാലാഖമാരായി വരാം. ചുമർ തീർത്തവനോ ചിത്രം വരച്ചവനോ കൂടുതൽ പ്രാധാന്യമർഹിക്കുന്നത് എന്നു നിശ്ചയിക്കുക വിഷമം. ഒരാളെ

പ്രോത്സാഹിപ്പിക്കുമ്പോൾപോലും ആ വിജയത്തിൽ നമുക്കും പങ്കുണ്ടെന്നു തോന്നും.

നന്ദിയുടെ ആവിഷ്ക്കാരം പല മാനങ്ങൾ വരിക്കുന്നു. നല്ലവണ്ണം ജോലി ചെയ്ത ഒരുവനോട് മേലധികാരി, "ഇന്നു നേരത്തേ പൊയ്ക്കോളൂ" എന്നാശംസിക്കുമ്പോഴും, അല്ലെങ്കിൽ വിനോദയാത്രക്ക് ഒത്താശ ചെയ്തുകൊടുക്കുമ്പോഴും, ആവശ്യാനുസരണം മദ്യമോ, മദിരാക്ഷിയോ, ധനമോ നീട്ടുമ്പോഴും നന്ദി പ്രകടമാക്കുന്നു – പ്രോത്സാഹനത്തിന്റെ പരോക്ഷപ്രകാശനം; പ്രതിഫലത്തിന്റെ പ്രതിഫലനം; സേവനപ്രതീക സമ്മാനദാനം.

പ്രവാസം നഷ്ടവസന്തങ്ങളെ ഓർമ്മിപ്പിക്കുന്നു. ഗൃഹാതുരത്വവിരഹത്തീ, ഉൾവലിഞ്ഞുള്ള പ്രവാസജീവിതത്തിൽ ലാഭനഷ്ടങ്ങളുടെ കാനേഷുമാരി കുറിക്കുന്നു. നന്ദിപ്രകടനത്തിന്റെ ഭാഗമായി ബന്ധുക്കൾക്കും മറ്റും സഹായഹസ്തം നീട്ടുന്നു. വളർത്തിയ മാതാപിതാക്കളോടും പരുവപ്പെടുത്തിയ ഗുരുക്കളോടും വിവിധരീതിയിൽ നന്ദി ശില്പരൂപമാക്കുന്നു.

തത്ക്കാലനന്ദിയും ആയുഷ്ക്കാലനന്ദിയും സാഹചര്യമനുസരിച്ച് ഉടലെടുക്കും. സേവനത്തിനു സമർപ്പിക്കുന്ന നന്ദി ആനുപാതികമായിരിക്കേണ്ടതുണ്ട്. രോഗശാന്തിക്കുശേഷം, "ഡോക്ടർ, നിങ്ങൾ എന്റെ കാണപ്പെട്ട ദൈവമാണ്!" എന്നു രോഗി പറയുന്നതു സേവനത്തിനു നൽകുന്ന പ്രത്യക്ഷനന്ദിയാണ്. കവി പി. കുഞ്ഞിരാമൻ നായർ, ജീവിതസായാഹ്നത്തിൽ തൃശ്ശൂരിലെ ആശുപത്രിയിലെ കിടന്നുചികിത്സയ്ക്കുശേഷം, രോഗശാന്തിക്കുള്ള നന്ദി, പരിചരിച്ച നേഴ്സിനെപ്പറ്റി മനോഹരമായ ഒരു കവിതയിലൂടെ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഏതു ഫലവും സങ്കീർണ്ണങ്ങളായ കാരണങ്ങളുടെ നൂലാമാലകളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന പരോക്ഷമഹാവാക്യങ്ങളാണ്. തൊലിപ്പുറച്ചിന്തയും ആഴത്തിലുള്ള ഉൾക്കാഴ്ച്ചയും നമുക്കാവശ്യമാണ്. അതുകൊണ്ടാണ് നേഴ്സിനോ, ഡോക്ടർക്കോ, രാപ്പകൽ തലച്ചോറുകടഞ്ഞു മരുന്ന് സംശ്ലേഷണം ചെയ്ത രസതന്ത്രജ്ഞനോ കൂടുതൽ നന്ദികൊടുക്കേണ്ടത് എന്ന താത്ത്വിക പ്രഹേളിക ഉത്ഭവിക്കുന്നത്.

പല ബൌദ്ധികസേവനങ്ങൾക്കും സാമ്പത്തികപ്രതിഫലത്തിനു പുറമെ, നന്ദി *എക്നോളെജ്മെന്റാ*യി രേഖപ്പെടുത്താറുണ്ട്. അവസാനിക്കാത്ത നന്ദിപ്രകടനമാർഗ്ഗങ്ങൾ "രക്ഷിച്ചവനു *തല* കൊടുക്കൽ" വരെയായി നീളുന്നു. രാജാവ് മകളെ രക്ഷിച്ചവനു കല്യാണം കഴിച്ചുകൊടുക്കുന്ന കഥാന്ത്യങ്ങൾ ബാലസാഹിത്യത്തിലെ നന്ദിപ്രകടനത്തിന്റെ ഓർമ്മപ്പെടുത്തലായി അവശേഷിക്കുന്നു.

നന്ദിക്കു പകരം നിന്ദാസ്തവം സ്തോസ്ത്ര ശുശ്രൂഷയുടെ ഭാഗമാകുന്ന അനുഭവച്ചൂടും, ഏകലവ്യന്റെ പെരുവിരൽവിച്ഛേദനവേദനയും ഓർത്ത് പലരും സൽക്കർമ്മങ്ങളിൽനിന്നും വിട്ടുനിൽക്കാറുണ്ട്. ***No good deed goes unpunished*** എന്ന പഴഞ്ചൊല്ലിന്റെ കതിരിലെ ധാന്യമണികളാണ് വാചാലമായ ഈ വചനസന്ദേശം.

നന്ദിപ്രകടനം പൊതുവെ തുടർഗുണത്തിനുള്ള വീഥിയൊരുക്കുന്നു. എങ്കിലും, അത് ഇന്നും പരിപാടിയിലെ അവസാനയിനം തന്നെ!

*****************************************************************************************************************************